# യുവറോണർ - പ്രതി ഹാജരുണ്ട്

ഡോ. എം. കുര്യൻ തോമസ്

**ഏ**തൊരു ജനാധിപത്യ വ്യവസ്ഥയും അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത് നിയമനിർമ്മാണസഭ (legislature), ഭരണ നിർവഹണം (executive), നീതിന്യായവ്യവസ്ഥ (judiciary) എന്നീ മൂന്നു പെരുംതൂണുകളിലാണന്നു സുവദിതമാണ്. ഈ മൂന്നു തൂണുകളും ശക്തവും സ്വതന്ത്രവുമായാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. അവയുടെ പരസ്പരപൂരകമായ നിലനിൽപ്പാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ. ഇക്കാലംവരയും ഭരണഘടനാശില്പികൾ വിഭാവനം ചെയ്ത ഈ ശക്തിശ്രോതസുകൾ - വിശിഷ്യാ നീതിന്യായവ്യവസ്ഥ - പ്രർത്തിച്ചതെന്നത് ഏവർക്കും സന്തോഷപ്രദമാണ്.

എന്നാൽ കാലംകടന്നപ്പോൾ ആദ്യരണ്ടിനും ജീർണ്ണത ബാധിച്ചുതുടങ്ങി എന്ന് ജനത്തിനു സംശയമായി. ഇവ മൂന്നിൽ അവർക്ക് ഇന്ന് പൂർണ്ണ വിശ്വസമുള്ളത് ഇന്ത്യൻ നീതിന്യായവ്യവസ്ഥയിൽ മാത്രമാണന്നത് ഒരു സത്യമാണ്. എന്നാൽ ജനമനസിലെ ഈ വിശ്വാസം തകർക്കുന്ന രീതിയിലുള്ള ചില സംഭവവികാസങ്ങൾ കേരളത്തിൽ അരങ്ങേറുന്നുണ്ട്. അതിന് അപൂർവം ചില ന്യായാധിപന്മാരുടെ പ്രവൃത്തികൾ ഹേതുവായിട്ടുണ്ടെങ്കിലും ഭൂരിപക്ഷവും ഭരണ നിർവഹണ വിഭാഗത്തിൽ നിന്നുണ്ടാകുന്ന വീഴ്ചകളാണ്.

ഒരുദാഹരണം പറയാം. സമീപകാലത്ത് ഒരു നിത്യവേതന തോഴിലാളിയെ തൊഴിൽ സ്ഥലത്തേക്കുള്ള യാത്രാമദ്ധ്യേ പൊതുസ്ഥലത്ത് പുകവലിച്ചതിനു പോലീസ് പിടിച്ചു. സ്റ്റേഷനിൽ കൊണ്ടുപോയി എഴുതിക്കുത്തി കോടതിയിലേയ്ക്കു വിട്ടു. അന്നത്തെ പണി പോയി. നിശ്ചിത ദിവസം കോടതിയിൽ എത്തിയപ്പോൾ അന്ന് ആ കോടതി അവധി. അടുത്ത അവധിക്ക് പിഴയടച്ചു മൂന്നു ദിവസത്തെ പണിനഷ്ടം! ടാർജറ്റ് തികയ്ക്കാൻ പോലീസ് കാണിച്ച ആഭ്യാസത്തിനു വലിയ വിദ്യാഭ്യാസമില്ലാത്ത ടിയാൻ ഇന്നും പഴിക്കുന്നത് കോടതിയെ!

ഇന്ന് കേരളത്തിലെ സാധാരണജനങ്ങൾ നീതിന്യായവ്യവസ്ഥയെ ഏറ്റവുമധികം വെറുക്കുന്നത് മൊബൈൽ കോടതി എന്ന സംവിധാനം മൂലമായാണ്. - പോലീസും മോട്ടോർ വാഹന വകുപ്പുംചേർന്ന് ഭീകരവാദികളെ പിടികൂടുന്ന മാതൃകയിൽ വഴിതടഞ്ഞ് വാഹനവേട്ട നടത്തുന്നതിനു നടുവിൽ മാപ്പുസാക്ഷിയായി കിടക്കുന്ന വെള്ളവാഹനം! - പരിശോധിക്കുന്നതും ചാർജ്ജു ചെയ്യുന്നതും മുകളിൽ പറഞ്ഞവർ. പഴികേൾക്കുന്നത് “മൊബൈൽ കോടതി.” യഥാർത്ഥിൽ മൊബൈൽ കോടതി നീതി ഉറപ്പാക്കുന്നുണ്ടോ? പിഴയടയ്ക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നും ആരോപിതനില്ല. രേഖകൾ ഹാജരാക്കാൻ നിയമപ്രകാരം അനുവദിച്ചിട്ടുള്ള കാലാവധിപോലും ഇവിടെ ലഭ്യമാകുന്നില്ല. ശരിക്കും ജുഡീഷ്യറി ഇവിടെ എക്സിക്യൂട്ടിവിന്റെ കൈയ്യിൽ വെറും ഉപകരണം ആകുവല്ലേ? കൂട്ടത്തിൽ നട്ടുച്ചയ്ക്ക്, പൊരിവെയിലത്ത്, ചുട്ടുപൊള്ളുന്ന തകിടിന്റെ കീഴിൽ, ന്യായാധിപന്റെ ഗൗൺ ധരിച്ച് മണിക്കൂറുകളോളം ഇരിക്കാൻ വിധിക്കപ്പെട്ട ജഡ്ജിയുടെ മനുഷ്യാവകാശം ലംഘിക്കുകയല്ലേ?

കോടതികളും യാത്രാസൗകര്യവും പരിമിതമായിരുന്ന കാലത്ത് ബ്രിട്ടീഷ് മലബാറിൽ “സർക്കീട്ട് കോടതി” എന്നൊരു സംവിധാനം ഉണ്ടായിരുന്നു. പ്രതിവർഷം നിശ്ചിത ദിവസങ്ങളിൽ മജിസ്രേട്ടുമാർ ചെറുനഗരങ്ങളിൽ കോടതികൂടി “സ്മാൾ കേസുകൾ” തീർപ്പാക്കുന്ന ഒരു സംവിധാനം. സാധാരണ ഗ്രാമീണജനങ്ങൾക്ക് നീതി ഉറപ്പാക്കുന്ന ഒരു മാർഗ്ഗമായിരുന്നു അത്. ഈ കാഴ്ച്ചപ്പാടോടെ മൊബൈൽ കോടതികളെ പുനർക്രമീകരിക്കരുതോ? പ്രതിമാസം നിശ്ചിത ദിവസം ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലേയും നിശ്ചിത സ്ഥലത്ത് കോടതികൂടി തലേമാസം ആ സ്റ്റേഷനിൽ ചാർജ്ജുചെയ്ത പെറ്റിക്കേസുകൾ തീർപ്പാക്കിയാൽ ജനത്തിനു നീതി ലഭിക്കും, സമയം ലാഭിക്കും, കോടതിയുടെ പേരുദോഷം ഒഴിഞ്ഞുപോകും.

വിചാരണ കോടതികളുടെ സമയം ഏറ്റവുമധികം അപഹരിക്കുന്നത് ദിനംപ്രതി 1 - 1 1/2 മണിക്കൂർ നീളുന്ന പെറ്റിക്കേസ് തീർപ്പാലാണന്നു എല്ലാവർക്കുമറിയാം. പ്രതിയെ കയറ്റിനിർത്തി ബഞ്ചുക്ലാർക്കിന്റെ “മന്ത്രജപം” കഴിഞ്ഞിട്ടു “കുറ്റം ചെയ്തിട്ടുണ്ടോ” എന്നു ന്യായാധിപന്റെ ചോദ്യത്തിനു “യേസ് യുവറോണർ” എന്നു സമ്മതിക്കുന്നവരിൽ ഭൂരിപക്ഷവും ചാർജ്ജ് ഷീറ്റിൽ പറഞ്ഞ കുറ്റങ്ങൾ ചെയ്തിട്ടില്ല എന്നതും സുവദിതമാണ്. കുറ്റം നിഷേധിച്ചാൽ ഉടൻ രണ്ടു ജാമ്യക്കാർ, വക്കീൽ, പത്ത് അവധി.... നീളുന്ന പ്രതിഭാസം. ചെയ്യാത്ത കുറ്റം സമ്മതിക്കുന്നതിന്റെ കാരണം ഇതാണ്. ഇത് ഒഴിവാക്കിക്കൂടെ? ഇ പ്രതിദിന പരിപാടിമൂലം ഗൗരവമായ കേസുകൾ പരിഗണിക്കാൻ കോടതികൾക്കുള്ള സമയം പരിമിതപ്പെടുന്നു. കേസുകൾ അവധി വെക്കാൻ നിർബന്ധിതരാകുന്നു. പെറ്റിക്കേസുകൾ കോടതിയിൽ കൊണ്ടുവരാതെ തീർപ്പാക്കുക എന്നതാണ് ഇതിനുള്ള ഏക പരിഹാരം. അല്ലങ്കിൽ അവ മൊബൈൽ കോടതിയിൽ മാത്രം പരിഗണിക്കുന്ന സംവിധാനം ഉണ്ടാക്കുക.

കോടതികളെ ജനത്തിൽനിന്നകറ്റുന്ന മറ്റൊരു ഘടകം അനന്തമായി നീളുന്ന കേസുകളാണ്. സിവിൽ കേസുകൾ തലമുറകളിലേയ്ക്കു നീളുന്നത് ഇന്ന് സർവസാധാരണമാണ്. അപരിഹാര്യമായ നഷ്ടമാണ് ഫലം. അത്തരമൊരവസ്ഥയ്ക്ക് പല കാരണങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും *“താമസിക്കുന്ന നീതി, നിഷേധിക്കുന്ന നീതി”* (justices deled is justices denied)തന്നെയാണ്. 10 മിനിട്ടുകൊണ്ട് അവസാനിപ്പിക്കാവുന്ന പരാതിപോലും പരിഗണിക്കാതെ അവധിവെച്ചു നീട്ടുന്നത് ഒട്ടും ആശാസ്യമല്ലന്നതിൽ രണ്ടുപക്ഷമില്ല. ഈ അവസ്ഥയ്ക്കു പരിഹാരം കണ്ടെത്തിയേ തീരൂ.

ലോകത്തിൽ ഏറ്റവും കൂടുതൽ കാലം നീണ്ട കേസ് - 761 വർഷം - ഇന്ത്യയിലാണ് എന്ന രസകരമായ വസ്തുത ചൂണ്ടിക്കാണിക്കട്ടെ. 1205-ൽ മാലോജി തോരാത്ത് (Maloji Thorat) എന്നൊരാൾ നൽകിയ പരാതിയിൽ അദ്ദേഹത്തിന്റെ അനന്തരഗാമിയായ ബാലാസാഹേബ് പട്ടലോജി തോരാത്ത് (Balasaheb Patloji Thorat) എന്നയാൾക്ക് അനുകൂലമായി പൂനാ കോടതി വിധി പ്രസ്താവിച്ചത് 1966 ഏപ്രിൽ 28-ന് ആണ്. ഇത്തരമൊരു റിക്കാർഡ് ഇന്ന് സൃഷ്ടിക്കുന്നത് അപമാനമല്ലേ?

ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന മറ്റൊരു വിഷയമാണ് പൊതുതാൽപര്യ ഹർജികളുടെ വാണിജ്യപരമായ ദുരുപയോഗം. ബഹു. സുപ്രീം കോടതിക്കുപോലും സമീപകാലത്ത് ഈ വിഷയത്തിൽ നെറ്റി ചുളിക്കേണ്ടി വന്നു എന്നത് അതൊരു യാഥാർത്ഥ്യമാണന്ന വസ്തുതയിലേയ്ക്കു വിരൽ ചൂണ്ടുന്നു. ഇരുചക്രവാഹനയാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധിതമാക്കാൻ

നടത്തിയ വ്യവഹാരപരമ്പരയെ ഇതിനുദാഹരണമായി കേരളത്തൽ ചിലർ ചൂണ്ടിക്കാട്ടുന്നുണ്ട്. അതേപോലെ തെരുവുനായ് പ്രശ്നത്തിൽ കോടതിയെ സമീപിക്കാൻ കാണിച്ച നിസംഗതയും. ഹെൽമെറ്റും പേവിഷബാധയ്ക്കുള്ള മരുന്നും കോടികളുടെ കച്ചവടങ്ങളാണ്. ഇക്കാര്യത്തിൽ ഇത്തരം കേസുകൾ പരിഗണിക്കുംമുമ്പ് കോടതികൾക്ക് ഒരു പ്രാഥമിക പരിശോധന നടത്തിക്കൂടെ?

ഉന്നത ന്യായാധിപന്മാർ റിട്ടയർ ചെയ്തശേഷം നിയമപരമായി അവർക്കുമാത്രം വഹിക്കാവുന്ന ചുമതലകളൊഴികെയുള്ള സ്ഥാനങ്ങൾ വഹിക്കുന്നതും സിവിലിയൻ - സ്വകാര്യ ബഹുമതികൾ സ്വീകരിക്കുന്നതും ഇന്ന് ജനം സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്. ഇത് ഒട്ടും ആശാസ്യമല്ലന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ശ്രേഷ്ഠ ന്യായാധിപന്മാരുടെ മികച്ച പ്രകടനത്തിന് ഇവരെ ആദരിക്കണമെങ്കിൽ അത് ബഹു. സുപ്രീം കോടതിതന്നെ ചെയ്യുന്നതാവും അഭികാമ്യം. മറ്റു ബഹുമതികൾ സ്വീകരിക്കുന്നത് ശ്വാശ്വതമായി അവരെ തടയുകയും വേണം.

ഇവയൊക്കെ ചൂണ്ടിക്കാണിച്ചത് ഇന്ത്യൻ ജനാധിപത്യസംവിധാനത്തിന്റെ ഉറച്ച തൂണായ നീതിന്യായവ്യവസ്ഥ ശക്തവും വിശ്വസനീയവുമായി നിലനിൽക്കണം എന്നതിനാലാണ്. ജനത്തിനു ജുഡീഷ്യറിയിലുള്ള വിശ്വാസം ഉറച്ചുനിൽക്കണം. കോടതികളോടുള്ള ബഹുമാനം സ്ഥായിയാവണം. ജൂഡീഷ്യൽ സംവിധാനത്തേക്കുറിച്ചു ജ്ഞാനമുള്ള ചില രാഷ്ട്രീയ നേതാക്കൾപോലും മേൽക്കോടതികളുടെ നടപടിക്രമങ്ങൾ മറച്ചുവച്ച് ജുഡീഷ്യറിക്കെതിരെ വൃഥാ ആരോപണം ഉന്നയിക്കുന്നത് വർത്തമാനകാലത്ത് കേരളത്തിൽ വ്യാപകമായിട്ടുണ്ട്. ഇതിനു തടയിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതേപോലെതന്നെ കോടതികളെ സർക്കാർ ഖജനാവിൽ പണം നിറയ്ക്കാനുള്ള “വിഭവസമാഹരണ ഉപാധി” (Profit making centre)യായി ഉപയോഗിക്കാൻ ഭരണ നിർവഹണ സംവിധാനത്തെ യാതൊരു കാരണവശാലും ഇനുവദിക്കരുത്. നടപടിക്രമങ്ങൾ പാലിക്കാതെ ഇതിനായി ചാർജ്ജു ചെയ്യുന്ന കേസുകൾ പ്രഥമദൃഷ്ട്യാ തള്ളിക്കളയുകയും, അത്തരം നടപടികൾ ആവർത്തിക്കുന്ന ഉദ്യാഗസ്ഥരെ താക്കീതു ചെയ്യുകയും വെണം.

*വാൽക്കഷണം* - കേസുകൾ അനന്തമായി അവധിവെച്ചു നീട്ടുന്നതിനെപ്പറ്റി എതാനും വർഷങ്ങൾക്കുമുമ്പ് സരസനായ ഒരു അഭിഭാഷക സുഹൃത്തിന്റെ വിശദീകരണം - “ *ഇവിടെ ...-ൽ, 650-ൽ അധികം വക്കീലന്മാരുണ്ട്. അതിൽ ചുവടുറച്ചവർ വിരളം. ബാക്കിയുള്ളവർക്ക് ദിവസം 100 രൂപ “തച്ചുകാശ്” കിട്ടണമെങ്കിൽ കുറഞ്ഞത് 500 കേസെങ്കിലും ദിനംപ്രതി ഉണ്ടാവണം. അത്രയൊന്നും കുറ്റവാളികൾ ഈ നാട്ടിൽ ഇല്ല. പിന്നെ ഉള്ള കേസുകൾ അവധിവെച്ചു നീട്ടാതെ എന്തു ചെയ്യാൻ?*” - ഇതു നേരാണോ?

(*സാമൂഹ്യനീതി*- ഫെബ്രുവരി 2016)